## പതിനൊന്നാം സ്കന്ദം ആരംഭം

ഭൂഭാരരാജപൃതനാ യദുഭിർന്നരസ്യ
ഗുപ്തൈ: സ്വബാഹുഭിരചിന്തയദപ്രമേയ:
മന്യേƒവനേർന്നനു ഗതോƒപ്യഗതം ഹിഭാരം
യാദ്യാദവം കുലമഹോ അവിഷഹ്യമാസ്തേ (11-1-3)
നൈവാന്യത: പരിഭവോƒസ്യഭവേത് കഥഞ്ചി-
ൻമത്സംശ്രയസ്യ വിഭവോന്നഹനസ്യ നിത്യം
അന്ത:കലിം യദുകുലസ്യ വിധായ വേണു-
സ്തംബസ്യ വഹ്നിമിവ ശാന്തിമുപൈമി ധാമ (11-1-4)

*ശുകമുനി തുടർന്നു:*
ശ്രീകൃഷ്ണന്റെ അവതാരലക്ഷ്യം എല്ലാം ഒരുവിധം പൂർത്തിയായി. ഭഗവാൻ ദുഷ്ടരാക്ഷസരെ സംഹരിച്ചു. ദുഷ്ടരാജാക്കൻമാരുടെ കഥ കഴിച്ചു. ഇതിനെല്ലാം പാണ്ഡവരുടെ സഹായവും അദ്ദേഹത്തിനു ലഭിച്ചു. ഭഗവാൻ ഇങ്ങിനെ ചിന്തിച്ചു. "എന്റെ അവതാരോദ്ദേശം പൂർണ്ണമായിട്ടില്ല. ശക്തരും അജയ്യരുമായ ഈ യാദവരുടെ വംശം ഇങ്ങിനെ ഇവിടെ വിട്ടുപോവുക വയ്യ. ഇപ്പോളവർക്ക് എന്റെ സംരക്ഷണമുണ്ട്. ഐശ്വര്യവും അഭിവൃദ്ധിയും സ്വയം അതീവശക്തരാണെന്ന അഹംഭാവം അവരിൽ ഉണ്ടാക്കിയിരിക്കുന്നു. സ്വയം ഈ കുലത്തെയും ഞാൻ തന്നെ നശിപ്പിക്കേണ്ടിയിരിക്കുന്നു. അതിനുശേഷമേ ഞാൻ തിരിച്ചു പോവൂ." ഇങ്ങിനെ തീരുമാനിച്ച് സർവ്വഭൂതനിവാസിയായ ഭഗവാൻ യാദവരിൽ മഹാത്മാക്കളുടെ അപ്രീതിയുണ്ടാക്കാനും അങ്ങിനെ അവരുടെ ശാപത്തിനിരയാക്കുവാനുമുള്ള അവസരമുണ്ടാക്കി. അതവരുടെ നാശത്തിനു കാരണമാവുകയും ചെയ്തു.

*പരീക്ഷിത്ത് ചോദിച്ചു.*
മാമുനിമാരുടെ ശാപം ലഭിക്കാനിടയായ സാഹചര്യവും മറ്റും വിശദമായി പറഞ്ഞു തന്നാലും.

*ശുകമുനി തുടർന്നു:*
ലോകത്ത് പലേവിധങ്ങളായ കാര്യങ്ങൾ നടത്തി ഭഗവാൻ ശ്രീകൃഷ്ണൻ വസുദേവരുടെ വീട്ടിൽ കഴിഞ്ഞു വന്നു. മാമുനിമാർ ഭഗവാനോട് യാത്രചൊല്ലി പിണ്ഡാരകത്തേയ്ക്കു പോയിരുന്നു. അവരവിടെ കഴിയുമ്പോൾ കുറേ യാദവയുവാക്കൾ അവരെ കളിയാക്കാനായി ചെന്നു. വ്യാജമായ ഭവ്യതയോടെ അവർ മഹാത്മാക്കളെ വണങ്ങി. അവർ ജാംബവതിയുടെ പുത്രൻ സാംബനെ സ്ത്രീവേഷം കെട്ടിച്ചു മുന്നിൽ നിർത്തി. ഒരു ഗർഭിണിയുടെ വേഷത്തിലായിരുന്നു സാംബൻ. അവർ ചോദിച്ചു. "മഹാത്മാക്കളേ, നിങ്ങൾ ഭൂതവർത്തമാന-ഭാവികൾ അറിയുന്നവരാണല്ലോ. ഈ സ്ത്രീക്ക് ഒരു പുത്രനുണ്ടാകണമെന്നാണാഗ്രഹം. ഗർഭസ്ഥശിശു ആണോ പെണ്ണോ എന്ന് പ്രവചിച്ചാലും." മഹർഷിമാർക്ക് കാര്യം മനസ്സിലായിരുന്നു. ഇതും ഭഗവേച്ഛയാണെന്നും അവരറിഞ്ഞു. ക്രോധമഭിനയിച്ചുകൊണ്ട് അവർ പറഞ്ഞു: "വിഡ്ഢികളേ, അവൾ പ്രസവിക്കുന്നത് ഒരുലക്കയെ ആണ്. അത് നിങ്ങളെയെല്ലാം നാമാവശേഷമാക്കുകയും ചെയ്യും." പേടിച്ചരണ്ട അവർ സാംബന്റെ വേഷമഴിച്ചുമാറ്റിയപ്പോൾ ഒരുലക്ക നിലത്തു വീണു.

ദ്വാരകാവാസികൾ വിവരമറിഞ്ഞ് വിഭ്രാന്തി പൂണ്ടു. അവർ ഉലക്കയെ ചെറുതരികളായി പൊടിച്ചു. കടലിലെറിഞ്ഞു. മാമുനിമാരുടെ പ്രവചനം വൃഥാവിലാവാനാണ് അവരിതു ചെയ്തത്. എന്നാൽ കൂട്ടത്തിലൊരു കഷണം പൊടിക്കാനായില്ല. ഇരുമ്പുപൊടി വീണിടത്ത് സമുദ്രത്തിൽ 'എരക' എന്നൊരു കാട്ടുചെടി വളർന്നു. പൊടിയാത്ത കഷണം ഒരു മീൻ വിഴുങ്ങി. ഒരു മുക്കുവൻ അതിനെ പിടിക്കുകയും ഒരു നായാട്ടുകാരനു നൽകുകയും ചെയ്തു. മീൻ മുറിച്ചപ്പോൾ കിട്ടിയ ഇരുമ്പുകഷണം നായാട്ടുകാരൻ തന്റെ അമ്പിന്റെ മുനയിൽ പിടിപ്പിച്ചു. യാദവകുലനാശത്തിനുള്ള വേദിയൊരുങ്ങി. അതായിരുന്നു ദൈവനിശ്ചയം.